ഈറ്റ-പനമ്പ് വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

* 23 [835] ശ്രീ. പി. എസ്. സുപാൽ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഈറ്റത്തൊഴിലാളികൾക്ക് ഈറ്റ എത്തിച്ചുകൊടുക്കുന്നതിന് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാം;

(ബി) സംസ്ഥാനത്ത് ഈറ്റവിതരണം നിലച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പരമ്പരാഗത ഈറ്റ-പനമ്പ് വ്യവസായ മേഖലകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം ആണെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) കോർപ്പറേഷന്റെ ഈറ്റവെട്ടു തൊഴിലാളികൾ വനത്തിൽനിന്നും ഈറ്റ ശേഖരിച്ച് ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർവഴി കോർപ്പറേഷന്റെ വിവിധ ഡിപ്പോകളിൽ എത്തിക്കുന്നു. ഡിപ്പോകളിൽ നിന്നും കോർപ്പറേഷന്റെ രജിസ്ട്രേഡ് തൊഴിലാളികൾക്ക് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ഈറ്റ വിതരണം ചെയ്യുന്നു.

(ബി) ഉണ്ട്.

(സി) പനമ്പ് പ്രധാനമായും ഉപയോഗിച്ചിരുന്നത് കരിമ്പ് കൃഷിക്കാരും ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ, സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ, സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളാണ്. വടക്കുകിഴക്കൻ പ്രദേശങ്ങളിൽനിന്നും ലഭിക്കുന്ന സമാനമായ ആസ്സാം മാറ്റ് വിലകുറഞ്ഞും, സുലഭമായി ലഭിക്കുന്നതിനാലും ബാംബൂ കോർപ്പറേഷന്റെ പനമ്പിന് പൊതുവെ ആവശ്യം കുറവാണ്. കൂടാതെ കോർപ്പറേഷൻ വിതരണം ചെയ്യുന്ന ഈറ്റ, ശേഖരണ വിലയേക്കാൾ കുറഞ്ഞവിലയ്ക്കാണ് കോർപ്പറേഷൻ നെയ്ത്തുകാർക്ക് വിതരണം ചെയ്യുന്നത്. ഇതുമൂലം കോർപ്പറേഷന് വന്നിച്ച സാമ്പത്തിക ബാധ്യത ഉണ്ടാകുന്നു. ഇത് പരിഹരിക്കുന്നതിനായി ഈറ്റയുടെ വിതരണവില വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉയർന്ന ഗുണനിലവാരമുള്ള ബാംബൂപ്ലൈയ്ക്ക് മറ്റ് ഉൽപ്പന്നങ്ങളേക്കാൾ വില കൂടുതലായതിനാൽ അവയുടെ വിൽപ്പനയിലും മാന്ദ്യം നേരിട്ടിട്ടുണ്ട്. വില്പന കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ ജീവനക്കാരെ ആ വിഭാഗത്തിലേക്ക് നിയോഗിച്ചിട്ടുണ്ട്. വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഈറ്റ ഉപയോഗിച്ച് വിലകുറഞ്ഞ പ്ലൈവുഡ് നിർമ്മിക്കുന്നത് പരീക്ഷണാടിസ്ഥാനത്തിൽ വിജയകരമായി നടത്തി. കൂടാതെ ബാംബൂ പ്ലൈ പരീക്ഷണാടിസ്ഥാനത്തിൽ ലാമിനേറ്റ് ചെയ്തു. ഈ രണ്ട് ഉൽപ്പന്നങ്ങളുടേയും വ്യാവസായികാടിസ്ഥാനത്തിലുള്ള ഉൽപ്പാദനത്തിനുള്ള ശ്രമം നടത്തിവരുന്നു. ബാംബൂ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി ഒരു ബാംബൂ മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly